## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4081 — 25.06.2018-ൽ മറുപടിയ്ക്ക്.

### നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വുഡ് ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇക്കോ ടൂറിസം പദ്ധതിക്കായി എം.എൽ.എ യും ഡി.എഫ്.ഒ നോർത്തും സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; വിശദമാക്കാമോ; | (എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇക്കോടൂറിസം പദ്ധതിക്കായി ശ്രീ.അൻവർ, ബഹു. നിലമ്പൂർ നോർത്ത് എം.എൽ.എ സമർപ്പിച്ച പ്രൊപ്പോസൽ നിലവിലെ നിയമങ്ങളുടെ വെളിച്ചത്തിൽ പദ്ധതി നടപ്പാക്കുന്നതിന്റെ സാദ്ധ്യത സംബന്ധിച്ച റിപ്പോർട്ടിനായി നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയുണ്ടായി. പ്രൊപ്പോസലിന്റെ അംഗീകാരത്തിന്റെ ഭാഗമായി 07.05.2018-ൽ ചേർന്ന സീനിയർ ഫോറസ്റ്റ് ഓഫീസർമാരുടെ മീറ്റിംഗിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട് അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ നിലവിൽ സമീപത്തു തന്നെ കനോലി പ്ലോട്ട് കേന്ദ്രീകരിച്ച് ഇക്കോടൂറിസം നടപ്പാക്കിയിട്ടുള്ളതിനാൽ രണ്ട് വ്യത്യസ്ത പ്രോജക്ടിന്റെ ആവശ്യകതയില്ലായെന്ന് കണ്ടതിനാൽ രണ്ട് പ്രോജക്ടുകളും കൂടി സംയോജിപ്പിച്ച് ഒറ്റ പ്രോജക്ടാക്കി അംഗീകാരത്തിന് ആവശ്യമായിട്ടുള്ള കാരീയിംഗ് കപ്പാസിറ്റി പഠനം നടത്തിയ റിപ്പോർട്ട്, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് എന്നിവ കൂടി ഉൾപ്പെടുത്തി പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) മേൽ സൂചിപ്പിച്ച സ്ഥലത്തെ കെട്ടിടങ്ങൾ നവീകരിച്ച് വനം വകുപ്പിന് വരുമാനം ലഭിക്കത്തക്ക രൂപത്തിൽ എക്കോടൂറിസം പദ്ധതി സ്ഥാപിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ? | (ബി) മേൽ ടൂറിസം പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ